# തെങ്ങ് കയറാൻ സ്ത്രീകൾ: സംസ്ഥാനത്ത് നല്ല പ്രതികരണം

കൊച്ചി: വനിതകളുടെ ചങ്കുറ്റത്തിനു മുന്നിൽ തെങ്ങുകയറ്റ മേഖലയുടെ പുരുഷന്മാരുടെ കുത്തകയും നഷ്ടമാകുന്നു. നാളികേര വികസന ബോർഡിന്റെ യന്ത്ര സഹായത്തോടെയുള്ള തെങ്ങുകയറ്റ പരിശീലന പദ്ധതിയാണ് വനിതകൾക്ക് പുതിയൊരു തൊഴിൽ മേഖലകൂടി തുറന്നു കൊടുത്തിരിക്കുന്നത്.

നാളികേര ബോർഡിന്റെ പരിശീലനം ലഭിച്ച വനിതകൾ സംസ്ഥാനത്തെ പല സ്ഥലത്തും സജീവമായി തൊഴിൽ മേഖലയിലേക്ക് ഇറങ്ങിക്കഴിഞ്ഞു. യന്ത്ര സഹായത്തോടെയുള്ള പ്രവർത്തിയായതിനാൽ കായികക്ഷമത പരീക്ഷിക്കപ്പെടുന്നുമില്ല.

വനിതകൾ ഈ രംഗത്ത് ചുവടുറപ്പിക്കുന്നതിന്റെ മികച്ച ഉദാഹരണമാണ് കോഴിക്കോട് കത്തിപ്പാറ പഞ്ചായത്തിലെ പ്രസീത ദിനേശന്റെ കഥ. പോസ്റ്റ് വുമണായി ജോലി നോക്കുന്നതിനിടയിലാണ് പ്രസീത തെങ്ങുകയറ്റ പരിശീലന പദ്ധതിയിൽ പങ്കെടുക്കുന്നത്. പരിശീലനം പൂർത്തിയാക്കി കഴിഞ്ഞപ്പോൾ ജോലി ഉപേക്ഷിക്കാനായിരുന്നു തീരുമാനം. രാവിലെ 8 മണി മുതൽ വൈകുന്നേരം 5.30 വരെ ജോലി ചെയ്താലും കിട്ടുന്നത് തുച്ഛമായ ശമ്പളം മാത്രം. സബ്സിഡി നിരക്കിൽ തെങ്ങുകയറ്റത്തിനുള്ള മെഷീൻ സ്വന്തമാക്കിയ പ്രസീത ധൈര്യപൂർവ്വം തൊഴിൽ രംഗത്തേക്ക് ഇറങ്ങുകയായിരുന്നു. അതൊരു നല്ല ചുവടുവെയ്പായി.

രണ്ടോ, മൂന്നോ തെങ്ങിൽ കയറി തേങ്ങയിട്ട് കൊടുക്കുന്നതിലൂടെയായിരുന്നു തുടക്കം. ഇപ്പോൾ 20, 25 തെങ്ങുകൾ വരെ ഒരു ദിവസം കയറും. ഒരു തെങ്ങിന് 15 രൂപയാണ് കൂലി. സംസ്ഥാനത്ത് സ്ഥലഭേദമനുസരിച്ച് 25 മുതൽ 40 വരെ വരെയാണ് പുരുഷന്മാർ തെങ്ങു കയറ്റത്തിന് കൂലി വാങ്ങുന്നത്. 15 രൂപയ്ക്ക് തെങ്ങ് കയറുന്ന പ്രസീതയുടെ സേവനത്തിന് ഇപ്പോൾ വൻ ഡിമാൻഡാണ്. പോസ്റ്റ് ഓഫീസിലെ ജോലിയിൽനിന്ന് കിട്ടിയിരുന്നതിന്റെ ഇരട്ടി വരുമാനം ലഭിക്കുന്നുണ്ട്. ഉച്ചയോടെ ജോലി തീർക്കാനും കഴിയുന്നു.



**നാളികേര വികസന ബോർഡ് കൊണ്ടുവന്ന തെങ്ങുകയറ്റ യന്ത്രവും വനിതകൾക്കായി നടപ്പാക്കുന്ന പരിശീലന പദ്ധതിയും തെങ്ങു കയറ്റ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കാൻ സഹായിക്കും.**

നാളികേര വികസന ബോർഡ് കൊണ്ടുവന്ന തെങ്ങുകയറ്റ യന്ത്രവും വനിതകൾക്കായി നടപ്പാക്കുന്ന പരിശീലന പദ്ധതിയും തെങ്ങു കയറ്റ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കാൻ സഹായിക്കും. തെങ്ങുകയറ്റത്തിന് ആളില്ലാത്ത അവസ്ഥ കേരളത്തിലെ നാളികേര കൃഷിയെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് നാളികേര വികസന ബോർഡ് തെങ്ങുകയറ്റത്തിനുള്ള യന്ത്രം വികസിപ്പിച്ചത്. തുടർന്ന് പരിശീലന പദ്ധതിയും തുടങ്ങി. പെരുവണ്ണാമൂഴിയിലായിരുന്നു 20 വനിതകളെ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലന പദ്ധതി നടത്തിയത്.

വനിതകൾക്കുള്ള പരിശീലന പദ്ധതി പുതിയൊരു തൊഴിൽ സംസ്കാരം രൂപപ്പെടാൻ സഹായിക്കും. സ്ത്രീകൾക്കൊപ്പം ഭർത്താക്കന്മാരോ, പുരുഷന്മാരായ മറ്റു ബന്ധുക്കളോ ഒരുമിച്ച് ജോലിക്കിറങ്ങുന്നതോടെ തെങ്ങുകയറ്റത്തിന് ആളെക്കിട്ടാത്ത സ്ഥിതി മാറും.